# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **222** | **09/03/2017 -**ലെ മറുപടി

## ജലനിധി രണ്ടാം ഘട്ടം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. എം.സ്വരാജ്<br>ശ്രീ. ആർ.രാജേഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി വിവിധ തലങ്ങളിലായി നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഗ്രാമ പഞ്ചായത്ത് തലം**<br>തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് പദ്ധതി പങ്കാളികളായ ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃസമിതികൾ, സഹായ സംഘടന, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ അവലോകനം നടത്തുകയും കുറവുകൾ പരിഹരിച്ചും, പ്രശ്ന പരിഹാരങ്ങൾ സംബന്ധിച്ച് കൂട്ടായി തീരുമാനമെടുത്തും മുന്നോട്ട് പോകുകയും ചെയ്യുന്നു.<br>**റീജിയണൽ തലം**<br>ജലനിധി പദ്ധതിയുടെ റീജിയണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ റീജിയണൽ തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലുമുള്ള ഉദ്യോഗസ്ഥർ, സഹായ സംഘടനാ ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പിച്ച് അവലോകനയോഗങ്ങൾ നടത്തുകയും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി ചർച്ചകൾ നടത്തി ഉചിതമായ തീരുമാനങ്ങൾ എടുത്ത്പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുന്നു. |

**സംസ്ഥാന തലം**

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ ഡയറക്ടർമാർ, റീജിയണൽ ലെവലിലുള്ള ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിലുള്ള അവലോകനങ്ങളും നടത്തുന്നു. പദ്ധതി പ്രവർത്തനം സമയബന്ധിതമായും ഗുണകരമായും നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജലനിധി ഗവേണിംഗ് കൗൺസിൽ യോഗങ്ങൾ പദ്ധതി പുരോഗതിയും അനുബന്ധ കാര്യങ്ങളും അവലോകനം ചെയ്യുകയും ഉചിതമായ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, തീരുമാനങ്ങളും എടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലനിധി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന പേരിൽ വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ് വെയർ മുഖേന എല്ലാ സ്കീമുകളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നല്കുന്നതിനും കഴിയുന്നുണ്ട്.

ജലനിധി രണ്ടാംഘട്ടത്തിൽ ഇതുവരെ 115 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു. മേൽപറഞ്ഞ ഗ്രാമ പഞ്ചായത്തുകളിലായി 2199 കുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി നല്കി. 1428 സ്കീമുകൾ കമ്മീഷൻ ചെയ്തതിലൂടെ 94389 കുടുംബങ്ങൾക്ക് കുടിവെള്ളം നല്കി വരുന്നു. 36376 കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ച് നല്കിയതു കൂടാതെ 342000 പേർക്ക് ഗുണകരമാകാവുന്ന തരത്തിൽ ശുചിത്വ സൗകര്യങ്ങളും, ലഭ്യമാക്കിയിട്ടുണ്ട്. ഭൂജല പരിപോഷണത്തിനായി 39.67 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയതിൽ 9.77 കോടി രൂപയുടെ പദ്ധതികൾ ഇതുവരെ നടപ്പിലാക്കി കഴിഞ്ഞു.

(ബി) രണ്ടാം ഘട്ട പദ്ധതിയിൽ ഇതുവരെ പൂർത്തിയാക്കിയ പദ്ധതികളും ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികളും വരൾച്ചാക്കാലത്ത് കുടിവെള്ള പ്രശ്നം

(ബി) ജലനിധി ഒന്നാംഘട്ട പദ്ധതികളിൽ 112 ഗ്രാമ പഞ്ചായത്തുകളിലായി 3710 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുകയും 191865 കുടുംബങ്ങൾക്ക് കുടിവെള്ളം

പരിഹരിക്കാൻ വേണ്ടത്ര സഹായപ്രദ മാകാതെ പോയത് പദ്ധതിയുടെ ആസൂത്രണത്തിലെ വീഴ്ചകൊണ്ടാണോ എന്ന കാര്യം പരിശോധിച്ചിരുന്നോ;

നല്കുകയും ചെയ്തിരുന്നു. രണ്ടാംഘട്ടത്തിൽ ഇതുവരെ 94389 കുടുംബങ്ങൾക്ക് കുടിവെള്ളം നല്കി വരുന്നു.

പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാല നവും കുടിവെള്ളം ഉപയോഗിക്കുന്ന കുടുംബ ങ്ങൾ ഉൾപ്പെട്ട ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തുന്നത്. നടത്തിപ്പിലെ അപാകത, അനിയന്ത്രിതമായ ഉപയോഗം എന്നിവ മൂലവും, കടുത്ത വേനലിൽ സ്രോതസ്സുകളിലെ ജലത്തിന്റെ അളവ് കുറഞ്ഞതിനാലും ചില സ്കീമുകൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കൊല്ലം ജില്ലയിലെ ചവറ, പന്മന ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സ് ആയ ശാസ്താംകോട്ട കായലിന്റെ ജലനിരപ്പ് വരൾച്ചാ കാലത്ത് താഴുന്നതുമൂലം ഈ പദ്ധതിയിൽ ജലദൗർലഭ്യം അനുഭവപ്പെട്ടുന്നുണ്ട്. ജലദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിലുള്ള ശാസ്താംകോട്ട കനാത്-പമ്പിംഗ് മെയിൻ, ചവറ-പന്മന ശുദ്ധജല വിതരണ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിക്കും പുതിയ പമ്പ് സെറ്റുകൾ വയ്ക്കുന്നതിനുവേണ്ടി 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പ്രവർത്തികളുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളും രണ്ടാംഘട്ട പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും പൂർത്തീകരിച്ച് കഴിഞ്ഞ് ഗുണഭോക്തൃ സമിതികളെ ഏല്പിച്ച് കഴിഞ്ഞാൽ സ്കീമുകളുടെ പ്രവർത്തനശേഷി കാലാനുസൃതമായി അവലോകനം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതികവും, ധനകാര്യ പിന്തുണയും നൽകുന്നതിനും നിലവിൽ സംസ്ഥാന തലത്തിൽ സംവിധാനമില്ല.

(സി) ദേശീയ ഗ്രാമ കുടിവെള്ള പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം കേന്ദ്ര ധനസഹായത്തോടെ ഏറ്റെടുത്ത പദ്ധതികളെല്ലാം സമയബന്ധി

സാധിച്ചോ; ഈ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച സഹായമെന്തെന്ന് അറിയിക്കാമോ?

തമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനലഭ്യത, സ്ഥലലഭ്യത ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലം ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം (ജനുവരി 31) വരെ ലഭിച്ച കേന്ദ്ര ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക (കോടി രൂപയിൽ) |
|---|---|---|
| 1. | 2010-11 | 147.82 |
| 2. | 2011-12 | 107.01 |
| 3. | 2012-13 | 245.65 |
| 4. | 2013-14 | 201.93 |
| 5. | 2014-15 | 119.56 |
| 6. | 2015-16 | 45.28 |
| 7. | 2016-17 | 39.32 |
| | **ആകെ** | **906.57** |

സെക്ഷൻ ഓഫീസർ